# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2763 — 19.06.2014 -ൽ മറുപടിക്ക്

## സുരക്ഷായനം 2012 അന്താരാഷ്ട്ര ശിൽപശാല

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. പി.എ.മാധവൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സുരക്ഷായനം 2012 അന്താരാഷ്ട്ര ശിൽപശാല സംഘടിപ്പിക്കുകയുണ്ടായോ ; വിശദമാക്കാമോ ; | (എ) | സംഘടിപ്പിക്കുകയുണ്ടായി. 2012 മാർച്ച് 9, 10 തീയതികളിൽ സംസ്ഥാന ദുരന്ത നിവാരണ വകുപ്പും ദുരന്ത നിവാരണ അതോറിറ്റിയും ഐ.എൽ.ഡി.എം.-ഉം ചേർന്ന് സുരക്ഷായനം 2012 അന്താരാഷ്ട്ര ശില്പശാലയും എക്സിബിഷനും സംഘടിപ്പിച്ചു. പ്രസ്തുത ശില്പശാലയിൽ പതിനഞ്ചോളം അന്തർദേശീയ നിലവാരമുള്ള വിദഗ്ധർ ഇന്ത്യയിലെയും സംസ്ഥാനത്തേയും വിദഗ്ധരുടെ ആശയങ്ങൾ പങ്കുവെയ്ക്കുകയും ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ദുരന്ത നിവാരണ പ്രവർത്തനങ്ങളെ സഹായിക്കുന്നതും വിശദീകരിക്കുന്നതുമായ ഒട്ടനവധി സംവിധാനങ്ങൾ ശില്പശാലയോട് അനുബന്ധിച്ച് 2012 മാർച്ച് 4 മുതൽ 11 വരെ പ്രദർശിപ്പിക്കുകയുണ്ടായി. തുടക്കത്തിൽ അഞ്ച് ദിവസത്തേക്ക് ആരംഭിച്ച പ്രസ്തുത പ്രദർശനം പൊതുജനങ്ങളുടെയും കുട്ടികളുടെയും അപേക്ഷ മാനിച്ച് ഒരു ദിവസം കൂടി നീട്ടുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ആയതു വഴി കൈവരിക്കാനുദ്ദേശിച്ചത്; | (ബി) | ദേശീയ അന്തർദേശീയ ഭരണ സൈദ്ധാന്തിക വിദഗ്ധരുടെ സഹായ സഹകരണത്തോടെ, യാഥാർത്ഥ്യ ബോധത്തോടു കൂടിയുള്ള ദുരന്താഘാത ലഘൂകരണ പദ്ധതികളും ഭരണപരമായ തീരുമാനങ്ങളും രൂപീകരിക്കുക. അന്തർദേശീയ ദേശീയ തലത്തിലുള്ള ദുരന്താഘാത വാർത്തകൾ കൈകാര്യം ചെയ്യുന്ന വിഭാഗങ്ങളെ ഒരുമിപ്പിച്ച് ശക്തവും പ്രയോജനപ്രദവുമായി ദുരന്താഘാതം കൈകാര്യം ചെയ്യുന്നതിനും ലഘൂകരണ പ്രവർത്തനത്തിനുമുള്ള വഴികളെക്കുറിച്ച് ആശയ വിനിമയം നടത്തുക. ലോകമെമ്പാടുമുള്ള സാമൂഹ്യാധിഷ്ഠിത ദുരന്താഘാത ലഘൂകരണ പദ്ധതികളെ ക്കുറിച്ചുള്ള വിവരങ്ങളും അറിവുകളും ശേഖരിക്കുകയും മികച്ചവ തിരഞ്ഞെടുക്കുകയും ചെയ്യുക, ദുരന്താഘാത ലഘൂകരണ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏറ്റവും മികച്ച ശാസ്ത്രജ്ഞൻമാരുമായി ആശയവിനിമയം നടത്തുന്നതിനുള്ള അവസരം ഒരുക്കുക എന്നീ ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്. |
| (സി) | എന്തെല്ലാം വിഷയങ്ങളാണ് ഇതിൽ ചർച്ച ചെയ്യപ്പെട്ടത് ; വിശദമാക്കുമോ ; | (സി) | ഭരണ നിർവ്വഹണം, നയരൂപീകരണം, ദുരന്തസാധ്യതാ സംവേദനം, ദുരന്ത നിവാരണ ഭരണ നിർവ്വഹണത്തിലും നയരൂപീകരണത്തിലും നേരിടുന്ന പ്രശ്നങ്ങൾ, മാദ്ധ്യമങ്ങളും ദുരന്തങ്ങളും, ദുരന്ത നിവാരണത്തിന്റെ ശാസ്ത്രം, സമൂഹാധിഷ്ഠിത ദുരന്തനിവാരണം, ദുരന്തസാധ്യതാ അപഗ്രഥനം, ദുരന്ത പ്രവചന സംവിധാനങ്ങൾ, അണക്കെട്ടുകളുടെ സുരക്ഷ എന്നിവയാണ് ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ. |
| (ഡി) | എന്തെല്ലാം തുടർനടപടികളാണ് ഇതിന്മേൽ കൈക്കൊണ്ടിട്ടുള്ളത് ; വ്യക്തമാക്കാമോ ? | (ഡി) | ഈ ശില്പശാല അംഗീകരിച്ച 'തിരുവനന്തപുരം പ്രസ്താവന'യുടെ ചുവടുപിടിച്ചാണ് നിലവിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ കേരളത്തിൽ മുന്നേറുന്നത്. പ്രസ്തുത ശില്പശാലയ്ക്ക് ശേഷമാണ് ദുരന്ത നിവാരണ അതോറിറ്റിക്കായി സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകമായി പണം വകയിരുത്തിയിട്ടുള്ളത്. ദുരന്തനിവാരണ അതോറിറ്റിയുടെ ഗവേഷണ വിഭാഗമായി രൂപീകരിക്ക |

| | | | |
|---|---|---|---|
| | | | പ്പെടുകയും തുടർന്ന് ശാക്തീകരിക്കപ്പെട്ട് സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെന്റർ (അടിയന്തിരഘട്ട പ്രവർത്തന ഏകോപന കേന്ദ്രം) ആയി പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്ത ദുരന്തസാധ്യതാ അപഗ്രഥന സെൽ പൂർണ്ണമായ രൂപത്തിൽ പ്രവർത്തനമാരംഭിച്ചത് ഈ ശില്പശാലയ്ക്ക് ശേഷമാണ്. സംസ്ഥാന ദുരന്ത ലഘൂകരണ നിധി (State Disaster Mitigation Fund) രൂപീകരിച്ചത് പ്രസ്തുത ശില്പശാലയിൽ നിന്ന് ലഭിച്ച നിരീക്ഷണ നിഗമനങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ ഫണ്ട് സ്ഥാപിച്ച ഇന്ത്യയിൽ തന്നെ 5 സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഈ ശില്പശാലയിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് ILDM October 2012 ൽ 'സ്ത്രീകളും കുട്ടികളും ദുരന്തനിവാരണത്തിൽ' എന്ന വിഷയത്തിൽ ഒരു തുടർ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. പൊതുജനങ്ങൾക്ക് ദുരന്തസാധ്യതകളെക്കുറിച്ചുള്ള അവബോധം നൽകുന്നതിന് ഉതകുന്ന രീതിയിൽ ILDM ഒട്ടനവധി ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ദുരന്തസാധ്യതാ അപഗ്രഥന സെൽ നടത്തുന്ന എല്ലാ പഠനങ്ങളും പൊതു ജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ www. Disasterlesskerala.org എന്ന വെബ്സൈറ്റും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ